**സബ്മിഷൻ**

**അനുബന്ധം 1**

(1) വോട്ടർ പട്ടിക തീവ്ര പരിഷ്കരണം (SIR) സംബന്ധിച്ചുള്ള ഗവൺമെന്റ് നിലപാട് സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ. സി. മൊയ്തീൻ എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു. മുഖ്യമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

പൂർണ്ണമായും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിയന്ത്രണത്തിൽ നടത്തുന്ന പ്രക്രിയയാണ് തീവ്ര വോട്ടർപട്ടിക പരിഷ്കരണം (SIR). ഇതിന്റെ ഭാഗമായുള്ള നടപടികൾ സംസ്ഥാനത്തും നടന്നുവരികയാണ്.

കേരളത്തിലുൾപ്പെടെ തിടുക്കത്തിൽ SIR നടപ്പിലാക്കാൻ തീരുമാനിച്ചപ്പോൾ ആദ്യം എതിർപ്പ് അറിയിച്ച സംസ്ഥാനമാണ് കേരളം. രാജ്യത്ത് ആദ്യമായി ഇതിനെതിരെ നിയമസഭയിൽ ഉപക്ഷേപം കൊണ്ടുവന്നതും നമ്മുടെ സംസ്ഥാനമാണ്. ഇക്കാര്യത്തിൽ ഈ സഭ ഏകകണ്ഠമായാണ് ഉപക്ഷേപം പാസ്സാക്കിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടക്കുന്ന കാലയളവിൽതന്നെ SIR കൂടി നടപ്പാക്കുന്നതിനുള്ള തിടുക്കത്തിലുള്ള ശ്രമങ്ങളും സമയക്രമം

നിശ്ചയിച്ചതിലെ അപാകതകളും കൂടുതൽ സമയം അനുവദിക്കേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടി സംസ്ഥാനം ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിന്നും അനുകൂല ഉത്തരവുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇലക്ഷൻ കമ്മീഷൻ സമയക്രമം നീട്ടിനൽകിയിട്ടുണ്ട്

ദേശീയ പൗരത്വ രജിസ്റ്റർ വളഞ്ഞ വഴിയിലൂടെ നടപ്പാക്കുന്നതാണ് SIR എന്ന ആശങ്ക ശരിവയ്ക്കുന്നതായിരുന്നു ബീഹാറിൽ നടന്ന തീവ്ര വോട്ടർ പട്ടിക പരിഷ്കരണം. പൗരത്വത്തെ മതാധിഷ്ഠിതമാക്കുന്ന പൗരത്വഭേദഗതി നിയമത്തെ പൊടി തട്ടിയെടുക്കാനുള്ള ശ്രമങ്ങളാണ് ഇതിന്റെ ഭാഗമായി നടക്കുന്നത്. 2002-ലെ തീവ്രപട്ടിക പരിഷ്കരണത്തിനുശേഷം ജനിച്ചവർ പിതാവിന്റെയും മാതാവിന്റെയും രേഖകൾ സമർപ്പിച്ച് മാപ്പിങ് നടത്തിയാൽ മാത്രമേ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനാകൂവെന്ന് നിഷ്കർഷിച്ചിരുന്നു. സാർവത്രിക വോട്ടവകാശത്തെ ലംഘിക്കുകയും മൗലികാവകാശത്തെ ഹനിക്കുകയും ചെയ്യുന്ന നടപടികളിൽനിന്നും പിന്തിരിയണമെന്നും വോട്ടർ

പട്ടിക സുതാര്യമായ നിലയിൽ പുതുക്കണമെന്നും ആവശ്യപ്പെട്ടത് കേരളമാണ്.

SIR-മായി ബന്ധപ്പെട്ട് നിരവധി കത്തുകൾ മുഖേന കമ്മീഷനോട് സുതാര്യത ഉറപ്പാക്കാനും സമയക്രമം നീട്ടി നൽകാനും നിലവിലുള്ള അപാകതകൾ പരിഹരിക്കാനുള്ള നടപടികളും സർക്കാർ ആവശ്യപ്പെട്ടിരുന്നു. വസ്തുതകൾ ഇതായിരിക്കെ സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിലും ആവശ്യപ്രകാരവുമാണ് സംസ്ഥാനത്ത് വോട്ടർപട്ടിക പരിഷ്കരിക്കുന്നതെന്ന വ്യാജപ്രചരണം നിർഭാഗ്യവശാൽ ചില കോണുകളിൽ നിന്നുയരുന്ന സ്ഥിതിയുണ്ടായി. രാഷ്ട്രീയ ദുഷ്ടലാക്കോടെയാണ് ഇത്തരം നുണപ്രചരണങ്ങൾ അഴിച്ചുവിടുന്നത്.

അർഹരായ മുഴുവൻപേർക്കും വോട്ടവകാശം ഉറപ്പാക്കുകയെന്നതാണ് സർക്കാരിന്റെ നയം. ഇതിനനുസൃതമായിട്ടായിരിക്കണം SIR പ്രക്രിയയെന്ന് സർക്കാർ നിരന്തരം ആവശ്യപ്പെട്ടുവരികയാണ്. പൗരത്വ നിർണ്ണയ ഏജൻസിയായി തിരഞ്ഞെടുപ്പ് കമ്മീഷനെ മാറ്റാൻ അനുവദിക്കില്ലെന്ന നിലപാട് ആവർത്തിച്ച് വ്യക്തമാക്കിയിട്ടുമുണ്ട്. അർഹരായ മുഴുവൻ

ആളുകളെയും വോട്ടർപട്ടികയിൽ ഉൾപ്പെടുത്താൻ സർക്കാർ ശക്തമായ ഇടപെടലാണ് നടത്തിയത്. ഇതിനായി വില്ലേജ് ഓഫീസ് അടിസ്ഥാനത്തിൽ ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചു. മതിയായ രേഖകൾ കൈവശമില്ലാത്ത ആളുകൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ അവ ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകി. ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം ഹിയറിങ് കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചു. ആവശ്യമെങ്കിൽ ഇവിടങ്ങളിൽ വോളണ്ടിയർമാരുടെയും ഉദ്യോഗസ്ഥരുടെയും സേവനവും ഉറപ്പുവരുത്തി ജനങ്ങൾക്ക് ഒരു തരത്തിലുള്ള ആശങ്കകളും ഉണ്ടാകാതെയിരിക്കുന്നതിനുള്ള നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായത്.

SIR പ്രക്രിയ സുതാര്യമാണെന്ന് ഉറപ്പുവരുത്താൻ ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നതോടൊപ്പം ഇക്കാര്യത്തിലുള്ള ആശങ്കകൾ പൂർണ്ണമായും പരിഹരിക്കുന്നതിനും അർഹരായ എല്ലാവർക്കും വോട്ടവകാശം ഉറപ്പുവരുത്തുന്നതിനും നിയമപരവും ഭരണപരവുമായ എല്ലാ നടപടികളും സർക്കാർ തുടർന്നും സ്വീകരിക്കുന്നതാണ്.

**അനുബന്ധം 2**

(2) ചെറുവണ്ണൂർ പെരിഞ്ചേരിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവർത്തനം സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ടി. പി. രാമകൃഷ്ണൻ എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്(കെ.ഐ.ഐ.ഡി.സി.) മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിവരുന്ന നിർമ്മാണ പദ്ധതിയാണ് പെരിഞ്ചേരിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്. കിഫ്ബിയിൽനിന്ന് 07-09-2019-ന് 68.36 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ച പ്രസ്തുത പദ്ധതി കെ.ഐ.ഐ.ഡി.സി. ടെൻഡർ ചെയ്ത് കരാർ 07-09-2020-ന് നടപ്പിലാക്കി.

| | |
|---|---|
| എസ്റ്റിമേറ്റ് തുക (ജി.എസ്.ടി. ഒഴികെ) | ₹ 57,03,22,025.00 (57.03 കോടി) |
| കരാർ തുക (ജി.എസ്.ടി. ഒഴികെ) | ₹ 61,13,34,133.00 (61.13 കോടി) |
| കരാറുകാരൻ | ജോയിന്റ് വെഞ്ചർ: ടി.ബി.എ.എസ്. & ഇ.കെ.കെ. ഇൻഫ്രാസ്ട്രക്ച്ചർ |

| | |
|---|---|
| | പ്രൈവറ്റ് ലിമിറ്റഡ് |
| കരാർ കലാവധി | 18 മാസം |

പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ 30 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഇടതുകരയിലെ സംരക്ഷണ ഭിത്തിയും ഒരു പിയറും അബട്ട്മെന്റും ഇടതുകരയിലെ പൈലിങ് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

പദ്ധതി പ്രദേശത്തെ സ്ഥിതി കണക്കിലെടുത്ത് പദ്ധതിക്ക് അനുയോജ്യമായ റിങ് ബണ്ട് നിർമ്മിച്ചാണ് പ്രവൃത്തി ആരംഭിച്ചത്. എന്നാൽ പുതുക്കിയ റിങ് ബണ്ടിന്റെ ഡിസൈൻപ്രകാരമുള്ള നിരക്കും 07-09-2020-ലെ കരാർപ്രകാരമുള്ള നിരക്കും തമ്മിൽ വ്യതിയാനം വന്നതിനാൽ കരാറുകാരന്റെ ബിൽ പേയ്മെന്റിന് കാലതാമസം നേരിടുകയും കരാറുകാരൻ കോടതിയെ സമീപിക്കുകയും അനുകൂല ഉത്തരവ് ലഭിക്കുകയും ചെയ്തു. പേയ്മെന്റ് ലഭിക്കാനുണ്ടായ കാലതാമസം പ്രവൃത്തിയുടെ പുരോഗതിയെയും ബാധിച്ചു. കരാറുകാരൻ പദ്ധതിയുടെ ബിൽ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയെ

സമീപിച്ചതിന്മേൽ 01-04-2024-ലെ കോടതി വിധിപ്രകാരം, ചീഫ് സെക്രട്ടറി ഇടപ്പെട്ട് എത്രയുംവേഗം പ്രശ്നം പരിഹരിക്കാൻ കോടതി നിർദേശം നൽകി. തുടർന്ന് ചീഫ് സെക്രട്ടറി 17-04-2024-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗം ചേരുകയും താഴെ പറയുന്ന മൂന്ന് നിർദേശങ്ങൾ നൽകുകയും ചെയ്തു.

1. ബഹുമാനപ്പെട്ട കോടതിയുടെ വിധിന്യായപ്രകാരം അനുവദിച്ചുനൽകാനുള്ള ബിൽ കെ.ഐ.ഐ.ഡി.സി. കിഫ്ബിക്ക് സമർപ്പിക്കണം.

2. തുടർന്നുള്ള പദ്ധതി പ്രവൃത്തികൾ ആരംഭിക്കുന്നതിനുമുമ്പ് പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് കെ.ഐ.ഐ.ഡി.സി. തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിക്കണം.

3. യോഗത്തിലെടുത്ത തീരുമാനങ്ങളെക്കുറിച്ച് പ്രിൻസിപ്പൽ സെക്രട്ടറി കിഫ്ബി ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്.

പ്രസ്തുത നിർദേശപ്രകാരം കെ.ഐ.ഐ.ഡി.സി. ബില്ലുകൾ സൂക്ഷ്മപരിശോധനയ്ക്കുശേഷം കിഫ്ബിയിൽ സമർപ്പിക്കുകയും, കിഫ്ബി

ബിൽ തുക കരാറുകാരന് അനുവദിച്ചുനൽകുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കിഫ്ബിയുടെ നിർദേശപ്രകാരം പുതുക്കിയ രൂപരേഖ, പരിശോധനയ്ക്കായി കോഴിക്കോട് എൻ.ഐ.ടി.-യിൽ സമർപ്പിക്കുകയും, എൻ.ഐ.ടി. സാങ്കേതിക വിദഗ്ധർ പദ്ധതി പ്രദേശം സന്ദർശിച്ച് പുതുക്കിയ രൂപരേഖയ്ക്കുള്ള അംഗീകാരം നൽകുകയും ചെയ്തു. പ്രസ്തുത രൂപരേഖ പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും, ആയത് കിഫ്ബിയിലേക്ക് അംഗീകാരത്തിനായി 21-01-2025-ന് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റിന്റെ കാര്യത്തിൽ അന്തിമതീരുമാനം എടുക്കുന്നതിനായി 24-05-2025-ന് കിഫ്ബി സി.ഇ.ഒ.-യുടെ അധ്യക്ഷതയിൽ ഒരു യോഗം ചേർന്നു. തർക്കത്തിലുള്ള ഇനങ്ങളുടെ നിരക്കുകൾ കെ.ഐ.ഐ.ഡി.സി.-യും കിഫ്ബിയും സംയുക്തമായി അന്തിമമാക്കാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും, 29-01-2026-ന് കിഫ്ബി ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

പദ്ധതി പുനരാരംഭിക്കുന്നതിന്റെ മുന്നോടിയായി കിഫ്ബി അംഗീകാരം ലഭിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള അനുബന്ധ കരാർ നടപ്പിലാക്കുന്നതിനും പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ ഉടൻതന്നെ പുനരാരംഭിക്കുന്നതാണ്.

**അനുബന്ധം 3**

(3) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റ് പുനരുദ്ധാരണം സംബന്ധിച്ച് ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ എം.എൽ.എ.-യുടെ സബ്മിഷന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി പുഴയ്ക്കുകുറുകെ പെരുവണ്ണാമൂഴിയിൽ അണക്കെട്ട് നിർമ്മിച്ച് ജലം സംഭരിച്ച് ജില്ലയിലെ 44 പഞ്ചായത്തുകൾ, 3 മുനിസിപ്പാലിറ്റികൾ, കോഴിക്കോട് കോർപ്പറേഷന്റെ വിവിധ ഭാഗങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന 14568.70 ഹെക്ടർ പ്രദേശത്ത് ജലസേചനം നടത്തുന്നതിന് 1962-ൽ ആരംഭിച്ച് കാർഷികാവശ്യങ്ങൾക്ക് ജലസേചനത്തിനുവേണ്ടി 1973-ൽ ഭാഗികമായും 1993-ൽ പൂർണ്ണമായും

കമ്മീഷൻ ചെയ്ത ജലസേചന പദ്ധതിയാണ് കുറ്റ്യാടി ജലസേചന പദ്ധതി. ഈ പദ്ധതി വഴി ആകെ 14569 ഹെക്ടർ പ്രദേശത്ത് സെക്കന്റിൽ 18.38 ഘനമീറ്റർ വെള്ളം ജലസേചനത്തിനായി ലഭ്യമാകുന്ന രീതിയിലാണ് പദ്ധതി വിഭാവന ചെയ്തിരുന്നത്. കോഴിക്കോട് ജില്ലയിലെ 3 താലൂക്കുകളിലായി 603 കി.മീ. നീളത്തിൽ പദ്ധതിയുടെ കനാൽ ശൃംഖല വ്യാപിച്ചുകിടക്കുന്നു. ഈ കനാൽ ശൃംഖലയിൽ നിരവധി അക്വാഡക്ടുകൾ, സൂപ്പർപാസ്സേജുകൾ, കട്ട് & കവറുകൾ, കലുങ്കുകൾ, സൈഫണുകൾ എന്നിവ ഉൾക്കൊള്ളുന്നതാണ്. അണക്കെട്ടിൽനിന്നും ആരംഭിക്കുന്ന മെയിൻ കനാൽ പട്ടാണിപ്പാറ എന്ന സ്ഥലത്തുവച്ച് ഇടതുകര, വലതുകര എന്നീ രണ്ട് മെയിൻ കനാലുകളായി പിരിയുന്നു. ഇതിൽ വലതുകര മെയിൻ കനാൽ മുഖേനയാണ് കുറ്റ്യാടി മണ്ഡലത്തിൽ ജലസേചനത്തിനായി വെള്ളം എത്തുന്നത്.

ജനുവരി മാസം മുതൽ ജൂൺ വരെ രണ്ടുഘട്ടങ്ങളിലായാണ് ജലസേചനം നടത്തുന്നത്. ഡാമിൽനിന്നും 20 കി.മീ. അകലത്തിൽ നിന്നാണ് കുറ്റ്യാടി മണ്ഡലം ആരംഭിക്കുന്നത്. കുറ്റ്യാടി മണ്ഡലത്തിൽ ആകെ 12 കി.മീ. ദൈർഘ്യമുള്ള മെയിൻ കനാലും ബ്രാഞ്ച് കനാലുകൾ,

ഡിസ്ട്രിബ്യൂട്ടറി കനാൽ, സബ് ഡിസ്ട്രിബ്യൂട്ടറി കനാൽ, ഫീൽഡ് ബോത്തികൾ എന്നിവയുൾപ്പെടെ ആകെ 135 കി.മീ. ദൈർഘ്യമുണ്ട്. ഇതിൽ 9 അക്വാഡക്ടുകൾ, 90 സൂപ്പർ പാസ്സേജുകൾ, 320 കൾവർട്ടുകൾ, 19 സൈഫണുകൾ എന്നിവയും 72 കി.മീറ്ററോളം മൺകനാലുകളുമാണുള്ളത്.

കാലപ്പഴക്കത്താൽ കോൺക്രീറ്റുകൾ തകർന്നും മണ്ണിടിഞ്ഞും ശോചനീയാവസ്ഥയിലായ മണിയൂർ, വേളം ബ്രാഞ്ച് കനാലുകളും, തിരുവള്ളൂർ, വേളം, ആയഞ്ചേരി, പുറമേരി, ചെരണ്ടത്തൂർ, മുടപ്പിലാവിൽ, ചെമ്മരത്തൂർ, പൂവാമ്പുഴ, വില്ല്യാപ്പള്ളി, മുതലായ ഡിസ്ട്രിബ്യൂട്ടറി കനാലുകളും സ്ട്രക്ചറുകളുമായതിനാൽ കാര്യക്ഷമമായി ജലസേചനം നടത്താൻ കഴിയാറില്ല. ഈ കനാൽ ശൃംഖലയിൽ അപകടാവസ്ഥയിലായ അക്വാഡക്ടുകൾ സൂപ്പർ പാസ്സേജുകൾ, കട്ട് & കവറുകൾ, സൈഫണുകൾ മുതലായവ പുതുക്കിപ്പണിയേണ്ടത് അത്യാവശ്യമാണ്. വർഷംതോറും ലഭിച്ചുവരുന്ന പ്ലാൻ, നോൺപ്ലാൻ, CADA എന്നീ ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ട് ഇത്തരം നിർമ്മിതികൾ പുനർനിർമ്മിക്കാൻ കഴിയാത്ത സ്ഥിതിയാണ്.

സ്ലക്ചറുകൾ, കനാൽ ശൃംഖലകൾ എന്നിവ പുതുക്കി പണിയുന്നതിന് വലിയ തുക ആവശ്യമായതിനാൽ കുറ്റ്യാടി ജലസേചന പദ്ധതി പുനരുദ്ധാരണത്തിനായി NABARD-RIDF-XXXI 2025-26 സ്കീമിൽ 189.7122 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും, തിരുവനന്തപുരം സർക്കാരിൽ സമർപ്പിക്കുകയും ടി പദ്ധതി RIDF Tranche 31-ൽ പരിഗണിക്കാൻ നബാർഡിന് നൽകിയിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതിയുടെ വിശദമായ രൂപരേഖ അടിയന്തരമായി RIDF പോർട്ടലിൽ (PSAM module വഴി) upload ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്.

ഈ വർഷത്തെ ജലവിതരണം 30-01-2026-ന് രാവിലെ 9 മണിക്ക് ആരംഭിച്ചിട്ടുണ്ട്.

**അനുബന്ധം 4**

(4) <u>കോതമംഗലം കോട്ടപ്പടിയിലെ ആനശല്യം സംബന്ധിച്ച് ശ്രീ. ആന്റണി ജോൺ എം.എൽ.എ.-യുടെ സബ്മിഷന് നടപടി</u>

<u>സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ</u>

മലയാറ്റൂർ ഡിവിഷനിലെ കോടനാട് റെയിഞ്ചിലെ മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ കുറുവാനപ്പാറ, ക്ലവക്കണ്ടം, കണ്ണക്കട ഭാഗത്ത് അവശനിലയിൽ ഒരു പെൺകാട്ടാനയെ കണ്ടെത്തിയിരുന്നു. കോട്ടപ്പാറ റിസർവിനുള്ളിലെ കുറുവാനപ്പാറ എൻക്ലോഷറിൽപ്പെട്ട സ്ഥലമാണ് ടി പ്രദേശം. വനമേഖലയിൽനിന്നും ആർ.കെ.ഡി.പി. പദ്ധതിയിൽ ചേർന്ന് ഒഴിഞ്ഞുപോയ കുടുംബങ്ങൾ ഒഴിച്ച് 13 കുടുംബങ്ങളാണ് ഇപ്പോൾ അവിടെ നിലവിലുള്ളത്.

അവശനിലയിൽ കണ്ടെത്തിയ കാട്ടാനയെ 24-01-2026-ന് കോടനാട് അഭയാരണ്യത്തിലെ അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ നിരീക്ഷിക്കുകയും ടി കാട്ടാന ക്ഷീണിതയാണെന്ന് ബോധ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്നുള്ള ദിവസങ്ങളിൽ നിരീക്ഷണം ശക്തമാക്കുകയും ആനയുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുന്നതായി ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ടി കാട്ടാനയുടെ സാന്നിധ്യം കുറുവാനപ്പാറ, ക്ലവക്കണ്ടം,

കണ്ണക്കട, കൈതപ്പാറ പരിസരങ്ങളിൽ കാണപ്പെട്ടതിനെത്തുടർന്ന് അതിനെ സുരക്ഷിതമായി ഉൾക്കാട്ടിലേക്ക് തുരത്തുവാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.

നിലവിൽ ടി കാട്ടാനയെ മയക്കുവെടി വയ്ക്കുന്നതിനുള്ള ആരോഗ്യാവസ്ഥ ഇല്ലാത്തതിനാൽ വനം വകുപ്പുദ്യോഗസ്ഥർ പ്രദേശവാസികളുമായും ജനപ്രതിനിധികളുമായും ചർച്ച നടത്തുകയും ജാഗ്രതാ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആനയെ നിരന്തരം നിരീക്ഷിക്കുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ജനവാസ മേഖലയിലേക്ക് ആന ഇറങ്ങുന്ന പക്ഷം സ്ഥിതിഗതികൾ സുരക്ഷിതമായി നിയന്ത്രിക്കുന്നതിനും ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതിനും ഉദ്യോഗസ്ഥർക്കുവേണ്ട നിർദേശം നൽകിയിട്ടുണ്ട്. ആനയെ കാട്ടിലേക്ക് തുരത്തുന്നതിലേക്കായി ആർ.ആർ.ടി.-യെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

**അനുബന്ധം 5**

(5) വടക്കാഞ്ചേരി സഹകരണ നഴ്സിങ് കോളേജ് കെട്ടിട നിർമ്മാണം സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

തൃശ്ശൂർ ജില്ലയിലെ മുണ്ടത്തിക്കോട് പഞ്ചായത്തിൽ കേപ്പ് എഞ്ചിനീയറിങ് കോളേജ് ആരംഭിക്കാൻ തീരുമാനിച്ചപ്രകാരം കെട്ടിട നിർമ്മാണം ആരംഭിച്ചെങ്കിലും എഞ്ചിനീയറിങ് വിദ്യാഭ്യാസ മേഖലയിലുണ്ടായ മാന്ദ്യം കണക്കിലെടുത്ത് നിർമ്മാണ പ്രവർത്തികൾ നിർത്തിവച്ചിരുന്നതാണ്. അവിടെ കേപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു നഴ്സിങ് കോളേജ് ആരംഭിക്കുന്നത് പ്രായോഗികമാണെന്ന് കണ്ടതിനാലാണ് എട്ട് കോടി രൂപ കോ-ഓപ്പറേറ്റീവ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽനിന്നും അനുവദിച്ച് പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് നടപടികൾ കൈക്കൊണ്ടത്. പ്രവൃത്തികളുടെ ആർക്കിടെക്ചറൽ കൺസൾട്ടന്റായി കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡിനെ നിയോഗിച്ചു. കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡ് 14.32 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തു.

പ്രസ്തുത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ മുണ്ടത്തിക്കോട് പഞ്ചായത്തിൽ കേപ്പിന്റെ കീഴിൽ ആരംഭിക്കാനുദ്ദേശിക്കുന്ന

നഴ്സിങ് കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**അനുബന്ധം 6**

(6) ബോർഡിന്റെ ഉടമസ്ഥതയിൽ ചാത്തന്നൂരിലുള്ള ഭൂമി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ജി. എസ്. ജയലാൽ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

കേരള ബിൽഡിങ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിനുവേണ്ടി കൊല്ലം ചാത്തന്നൂരിൽ കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനായി 10 ഏക്കർ സ്ഥലം വാങ്ങിയിരുന്നു. NH 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷൻപ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, ടി സ്ഥലത്തുനിന്ന് 27.5 സെന്റ് സ്ഥലം നഷ്ടപരിഹാരം വാങ്ങി സർക്കാർ അനുമതിയോടെ കൈമാറിയതിനാൽ നിലവിൽ ബോർഡിന്റെ കൈവശം 9 ഏക്കർ 72.5 സെന്റ് ഭൂമിയാണുള്ളത്.

ചാത്തന്നൂരിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്ന നാഷണൽ കൺസ്ട്രക്ഷൻ & ഇൻഫ്രാസ്ട്രക്ചർ അക്കാദമിയുടെ പ്രോജക്ട് പ്രൊപ്പോസൽ, സർക്കാർ അംഗീകരിച്ചുവെങ്കിലും ബോർഡിന്റെ മോശമായ സാമ്പത്തിക സ്ഥിതിയിൽ കൺസ്ട്രക്ഷൻ അക്കാദമിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് തുടർപ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിന് 29-04-2022-ലെ ബോർഡ് യോഗം തീരുമാനിക്കുകയും പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവച്ച് ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു.

തുടർന്ന്, തൊഴിൽ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 30-06-2025-ൽ കൂടിയ ബോർഡ് യോഗത്തിൽ ടി സ്ഥലത്ത് വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡുമായി ബന്ധപ്പെട്ട കണ്ടെയ്നറുകൾ തറവാടക ഈടാക്കി സൂക്ഷിക്കുന്നതിന് അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്നും സാധ്യത പരിശോധിച്ച് ബോർഡിന്റെ അഭിപ്രായം ലഭ്യമാക്കണമെന്നും നിർദേശിച്ചു. 18-10-2025-ലെ ബോർഡ് യോഗത്തിൽ വീണ്ടും ചർച്ച ചെയ്യുകയും അതിന്റെ

അടിസ്ഥാനത്തിൽ 27-11-2025-ൽ വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡിന് ബോർഡ് കത്ത് നൽകുകയും ചെയ്തെങ്കിലും ഇതുവരെ മറുപടിയൊന്നും ലഭ്യമായിട്ടില്ലാത്തതാണ്.

ചാത്തന്നൂരിൽ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ പത്ത് ഏക്കർ വസ്തുവിൽ ഐ.ടി. പാർക്ക് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ചാത്തന്നൂർ എം.എൽ.എ. ശ്രീ. ജി. എസ്. ജയലാൽ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് നിവേദനം സമർപ്പിക്കുകയും ഇതേ ആവശ്യം നിയമസഭയിൽ ഉന്നയിക്കുകയും ബജറ്റ് ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ പ്രസ്തുത ഭൂമി ഇത്തരത്തിൽ പ്രയോജനപ്പെടുത്താമെന്ന് വ്യക്തമാക്കുകയും അനിവാര്യമെങ്കിൽ പ്രസ്തുത ഭൂമിയോടുചേർന്ന് ആൾപാർപ്പില്ലാത്ത വലിയ അളവിലുള്ള ഭൂമി ഏറ്റെടുക്കാൻ സൗകര്യമുണ്ടെന്നും പ്രസ്തുത ഐ.ടി. പാർക്ക് സ്ഥാപിക്കുന്നത് പ്രദേശത്തിന്റെ വളർച്ചയ്ക്കും വ്യാപാര വ്യവസായ പുരോഗതിക്കും ഏറെ ഉപകരിക്കുമെന്നും വ്യക്തമാക്കിയിരുന്നു.

വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡുമായി ബന്ധപ്പെട്ട കണ്ടെയ്നറുകൾ തറവാടക ഈടാക്കി സൂക്ഷിക്കുന്നതിന് അനുവദിക്കുന്നതിനായി വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡിന് കത്ത് നൽകിയിട്ടുള്ളതിന് മറുപടി ലഭ്യമാകുന്നതിന് വിധേയമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

**അനുബന്ധം 7**

(7) മലമ്പുഴയിലെ വാരണി പാലം പുനർനിർമ്മാണം സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ. പ്രഭാകരൻ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

മലമ്പുഴ നിയോജകമണ്ഡലത്തിലെ വാരണി പാലം നിർമ്മാണം സംബന്ധിച്ചാണ് ശ്രീ. എ. പ്രഭാകരൻ എം.എൽ.എ.-യുടെ സബ്മിഷൻ. ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതും കാലപ്പഴക്കംമൂലം തകർന്ന് വാഹനഗതാഗതം പൂർണ്ണമായും നിലച്ച അവസ്ഥയിലുള്ളതുമാണ്. പ്രസ്തുത പാലം നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ഡിസൈൻ തയ്യാറാക്കുകയും പാലം

നിർമ്മാണത്തിനായി 1210 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബജറ്റിൽ ബന്ധപ്പെട്ട ഹെഡ്ഡിൽ, 20 ശതമാനം നീക്കിവച്ച പദ്ധതികൾക്ക് അനുമതി നൽകാനുള്ള ഫണ്ടാണ് അവശേഷിക്കുന്നത്. ഈ സാഹചര്യത്തിൽ പദ്ധതിക്ക് അനുമതി നൽകാമോയെന്ന് പരിശോധിക്കാൻ ധനകാര്യ വകുപ്പിനെ സമീപിക്കാം.

**അനുബന്ധം 8**

(8) <u>മംഗലം-ഗോവിന്ദാപുരം സംസ്ഥാനപാത അഭിവൃദ്ധിപ്പെടുത്തലും നെന്മാറ, കൊല്ലങ്കോട് ബൈപ്പാസുകളുടെ നിർമ്മാണം സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. ബാബു (നെന്മാറ) എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ</u>

പാലക്കാട് ജില്ലയിലെ മംഗലം-ഗോവിന്ദാപുരം സംസ്ഥാനപാത നവീകരണമാണ് ശ്രീ. കെ. ബാബു എം.എൽ.എ.-യുടെ സബ്മിഷനിലെ ഒരാവശ്യം. പാലക്കാട് ജില്ലയിലെ മലയോര പാതയുടെ റീച്ച് 2, റീച്ച് 3, എന്നീ പ്രവൃത്തികളുടെ അലൈൻമെന്റുകൾ, മീൻകര ജങ്ഷൻ മുതൽ നെടുമണി വരെയും പനങ്ങാട്ടിരി ജങ്ഷൻ മുതൽ വിത്തനശ്ശേരി വരെയും

അയിനാ പാടം മുതൽ തങ്കം ജങ്ഷൻ വരെയും 31.92 കിലോമീറ്റർ ദൂരത്തിൽ മംഗലം-ഗോവിന്ദാപുരം പാതയിലൂടെയാണ് കടന്നുപോകുന്നത്. നിലവിൽ മലയോരപാതയുടെ നിർമ്മാണപ്രവൃത്തികൾക്കായി കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. 12 മീറ്റർ വീതിയിൽ ഭൂമി ആവശ്യമായതിനാൽ നിലവിലെ റോഡിന്റെ വീതി നിശ്ചയിക്കുന്നതിനായി റവന്യൂ ബൗണ്ടറി നിർണ്ണയിക്കുന്നതിനുള്ള സർവെ നടന്നുവരുന്നു. മലയോര ഹൈവെയുടെ ഭാഗമായി ഈ ദൂരത്തിലെ വികസനം സാധ്യമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മംഗലം-ഗോവിന്ദാപുരം സംസ്ഥാന പാതയുടെ ഭാഗമായ തരൂർ, ആലത്തൂർ നിയോജകമണ്ഡലങ്ങളിലുൾപ്പെടുന്ന വടക്കഞ്ചേരി (എസ്.എച്ച്.- പൊള്ളാച്ചി 58) റോഡ് കി.മീ. 0/000 മുതൽ 12/000 വരെ (മംഗലംപാലം മുതൽ ജപമാലപള്ളി വരെ) പൊതുമരാമത്ത് നിരത്ത് വിഭാഗം പരിപാലിച്ചുവരുന്നുണ്ട്. അതിൽ Providing BC Overlay to Vadakkanchery-Pollachi road km 0/000 to 1/700, 4/900 to 6/100 and

6/900 to 8/100 എന്ന പ്രവൃത്തിക്ക് ഫണ്ട് അനുവദിക്കുകയും പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

ശബരിമല പദ്ധതിയിലുൾപ്പെടുത്തി Providing BC Overlay to Vadakkanchery-Pollachi road km 1/700 to 4/900, 6/100 to 6/900 and 8/100 to 12/000 എന്ന പ്രവൃത്തിക്ക് 06-11-2025-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അതോടൊപ്പം കി.മീ. 12/000 മുതൽ കി.മീ. 17/500 വരെ 7 കോടി രൂപയും, കി.മീ. 18/500 മുതൽ കി.മീ. 25/000 വരെ 8.24 കോടി രൂപയും Sabarimala Festival പ്രവൃത്തിയിലുൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കി.മീ. 18/500 മുതൽ 25/000 വരെ Sabarimala Festival Works 2024-25 പുനരുദ്ധാരണ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കി.മീ. 12/000 മുതൽ കി.മീ. 17/500 വരെയുള്ള 7 കോടി രൂപയുടെ Sabarimala Festival 2025-26 പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്ന വിഷയം പരിഗണനയിലാണ്.

കി.മീ. 29/890 മുതൽ കി.മീ. 32/080 വരെ ഉപരിതല പ്രവർത്തനങ്ങൾ (BC Overlay) നടത്തിയിട്ടുണ്ട്. ബാക്കി ഭാഗങ്ങളിലെ നവീകരണം ഫണ്ടിന്റെ ലഭ്യതയുൾപ്പെടെ പരിശോധിച്ച് പരിഗണിക്കുന്നതാണ്.

നെന്മാറ ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി നെന്മാറ ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് RBDCK-യെ ചുമതലപ്പെടുത്തിയെങ്കിലും, NHAI-യുടെ നിർദിഷ്ട വടക്കാഞ്ചേരി-പൊള്ളാച്ചി ദേശീയപാത നെന്മാറ വഴി കടന്നുപോകുന്നതിനാലും പദ്ധതിയുടെ DPR നടപടികൾ NHAI നടത്തിവരുന്നതിനാലും, നെന്മാറ ബൈപ്പാസ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രോജക്ടുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. എന്നാൽ ഇതേ റോഡിൽ കൊല്ലങ്കോട് ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി കൊല്ലങ്കോട് ബൈപാസ് നിർമ്മാണത്തിന് 14-07-2009-ൽ 1300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഏകദേശം 4.5 കി.മീ ദൈർഘ്യമുള്ള കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് 14.5204 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതിൽ 0.6338 ഹെക്ടർ സർക്കാർ ഭൂമിയും 13.8866 ഹെക്ടർ

സ്വകാര്യ വ്യക്തികളുടേതുമാണ്. സ്ഥലം ഏറ്റെടുക്കുന്നതിനായി അർഥനാപത്രവും, മറ്റനുബന്ധരേഖകളും സമർപ്പിക്കുകയും അന്നത്തെ സർക്കാർ നിരക്കുപ്രകാരം ഏറ്റെടുക്കേണ്ടുന്ന ഭൂമിയുടെ ഏകദേശ വിലയായ 10.5 കോടി രൂപയിൽ, റവന്യൂ വകുപ്പിന് കെട്ടിവയ്ക്കേണ്ട 25 ശതമാനം തുകയായ 2.64 കോടി രൂപ denova ആകുകയുണ്ടായി. Alignment പ്രകാരം വീണ്ടും സ്ഥലം ഏറ്റെടുക്കുന്നതിന്, നിലവിലെ rate revision പ്രകാരം ഭൂമിയുടെ നിരക്കിലും എസ്റ്റിമേറ്റിലും മാറ്റമുണ്ടായതിനാൽ, നിലവിലെ സ്ഥലനിരക്ക് (Land Rate) പ്രകാരം വില നിർണയിച്ചുതരുന്നതിനായി ജില്ലാകളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. അത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**അനുബന്ധം 9**

(9) <u>കായംകുളത്ത് ഉയരപ്പാത, അടിപ്പാതകൾ, ഫുട് ഓവർ ബ്രിഡ്ജുകൾ എന്നിവയുടെ നിർമ്മാണം സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി യു. പ്രതിഭ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ</u>

കേരളത്തിന്റെ സ്വപ്ന പദ്ധതിയായ ദേശീയപാത-66 നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണ്. ഭൂമി ഏറ്റെടുക്കാത്തതിനെത്തുടർന്ന് 2014-ൽ NHAI ഉപേക്ഷിച്ച പദ്ധതിയായിരുന്നു ദേശീയപാത 66-ന്റെ നിർമ്മാണം. പിന്നീട് 2016-ൽ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്. സർക്കാരാണ് ദേശീയപാത 66-ന്റെ വികസനം യാഥാർഥ്യമാക്കിയത്. ഉപേക്ഷിക്കപ്പെട്ട പദ്ധതി ആരംഭിക്കുന്നതിന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെയും കേന്ദ്രമന്ത്രിയെയും സന്ദർശിച്ച് നിരന്തരം സമ്മർദം ചെലുത്തി. ഒടുവിൽ ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം വഹിക്കണമെന്ന കേന്ദ്ര നിബന്ധന, സംസ്ഥാനം അംഗീകരിക്കുകയായിരുന്നു. 5580 കോടി രൂപ സംസ്ഥാനം കേന്ദ്രത്തിന് കിഫ്ബി വഴി നൽകിക്കഴിഞ്ഞു. കിഫ്ബി നൽകിയ പണം, കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തിയതിനാൽ ഫലത്തിൽ 12000 കോടിയോളം രൂപയുടെ ബാധ്യത സംസ്ഥാനം ഏറ്റെടുക്കേണ്ടതായി വന്നു. നിലവിൽ ദേശീയപാത അതോറിറ്റിയുടെ മേൽനോട്ടത്തിൽ നടക്കുന്ന NH 66-ന്റെ നിർമ്മാണം അന്തിമഘട്ടത്തിലേക്ക് നീങ്ങുകയാണ്. ആകെ

492.64 കിലോമീറ്റർ ആറുവരിയിലേക്ക് മാറിക്കഴിഞ്ഞു. പൂർത്തിയായ ഭാഗങ്ങൾ ഗതാഗതത്തിന് തുറന്നുകൊടുക്കുകയും ചെയ്യുന്നുണ്ട്.

ദേശീയപാത അതോറിറ്റിയുടെ മേൽനോട്ടത്തിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ചിലയിടങ്ങളിൽ ചില അപാകതകൾ സംഭവിച്ചിരുന്നു. ഈ ഘട്ടങ്ങളിൽ സംസ്ഥാനത്തെ ദേശീയപാതാ നിർമ്മാണപ്രവർത്തനങ്ങൾ ഗുണനിലവാരവും സുരക്ഷയും ഉറപ്പുവരുത്തി, സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി പരിശോധനയ്ക്ക് എത്തുകയും ചില മാറ്റങ്ങൾ നിർദേശിക്കുകയും ചെയ്തു. 2025 ഡിസംബർ 5-ന് കൊല്ലം-കടമ്പാട്ടുകോണം എൻ.എച്ച്.-66 ഭാഗത്തിലെ മൈലക്കാട് (കൊട്ടിയം) പ്രദേശത്ത് നിർമ്മാണ അപാകത ശ്രദ്ധയിൽപ്പെട്ട സമയത്തുതന്നെ ഗുണമേന്മയിൽ വിട്ടുവീഴ്ച പാടില്ലയെന്നും കർശനമായ നടപടികൾ വേണമെന്നുമാവശ്യപ്പെട്ട് പൊതുമരാമത്ത് മന്ത്രിയെന്ന നിലയിൽ ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗതമന്ത്രിക്ക് കത്തയച്ചിരുന്നു.

ഇതേത്തുടർന്ന് ദേശീയപാത അതോറിറ്റി നടപ്പാക്കുന്ന ദേശീയപാത 66-ന്റെ 17 സ്ട്രെച്ചുകളിൽ (പൂർത്തിയായതും പുരോഗമിക്കുന്നതും) വിദഗ്ധ പരിശോധന നടത്തുന്നതിന് പത്ത് ഏജൻസികളെ ഏർപ്പെടുത്തിയതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഈ ഏജൻസികളുടെ നേതൃത്വത്തിൽ Reinforced Soil (RS) Wall ഉൾപ്പെടെയുള്ള എല്ലാ സ്ട്രക്ചറുകളുടെയും മണ്ണ് പരിശോധനയുൾപ്പെട്ടുള്ള ലാബ് പരിശോധനകൾ നടത്തുന്നതിനായി സമഗ്ര ജിയോടെക്നിക്കൽ പഠന പരിപാടി (Comprehensive Geo technical Programme) ആരംഭിച്ചതായും എൻ.എച്ച്.എ.ഐ. അറിയിക്കുന്നു. വിദഗ്ധ സമിതിയുടെ കണ്ടെത്തലുകൾ, ജിയോടെക്നിക്കൽ പഠന റിപ്പോർട്ടുകൾ, സാമൂഹിക പരിഗണനകൾ എന്നിവ സംയുക്തമായി പരിശോധിച്ചശേഷം ഓരോ Reinforced Soil (RS) Wall-ന്റെയും ഡിസൈൻ, നിർമ്മാണം എന്നിവ പുനഃപരിശോധിച്ച് ആവശ്യമായിടത്ത് ശക്തിപ്പെടുത്തൽ, പുനഃരൂപകല്പന, പൊളിച്ച് നീക്കി വയഡക്ട് (Viaduct) നിർമ്മാണം എന്നിവ പരിഗണിക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. സുരക്ഷിതമായ പാത എന്നത്

ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാർ ആവശ്യമായ ഇടപെടൽ നടത്തും. അതോടൊപ്പം ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച മറ്റ് വിഷയങ്ങൾ ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താനും നടപടികൾ സ്വീകരിക്കും.

**അനുബന്ധം 10**

(10) മാവേലിക്കര ജില്ലാ ആശുപത്രിയുടെ പ്രവർത്തനം സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എം. എസ്. അരുൺ കുമാർ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

മാവേലിക്കര-പന്തളം സംസ്ഥാനപാതയുടെയും കായംകുളം-തിരുവല്ല സംസ്ഥാനപാതയുടെയും സംഗമ സ്ഥലത്തിനുസമീപം സ്ഥിതിചെയ്യുന്ന മാവേലിക്കര ജില്ലാ ആശുപത്രി, പ്രതിദിനം ആയിരത്തിയെണ്ണൂറിൽപരം ആളുകൾ ഒ.പി.-യിൽ വരുന്ന സ്ഥാപനത്തിൽനിന്ന് നിലവിലുള്ള സൗകര്യം ലഭ്യമാക്കി സ്ഥിരം ജീവനക്കാർക്കുപുറമേ HMC/NHM മുഖേനയുള്ള താൽക്കാലിക ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തി മികച്ച സേവനം നൽകിവരുന്നു. ടി ആശുപത്രിയിൽ ജില്ലാ അർബുദ

ചികിത്സാകേന്ദ്രവും, ബ്ലഡ് ബാങ്ക്, ജില്ലാ ഹീമോഫീലിയ ചികിത്സാകേന്ദ്രം, ഡയാലിസിസ് കേന്ദ്രം എന്നീ സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു. ജനറൽ മെഡിസിൻ, ജനറൽ സർജറി, അസ്ഥിരോഗ വിഭാഗം, മാനസികാരോഗ്യ വിഭാഗം, ഇ.എൻ.ടി., നേത്രരോഗ വിഭാഗം, സ്ത്രീരോഗ വിഭാഗം, ശിശുരോഗ വിഭാഗം, അനസ്തേഷ്യ വിഭാഗം, ദന്തരോഗ വിഭാഗം, കുട്ടികളുടെ ദന്തരോഗ വിഭാഗം, നെഫ്രോളജി വിഭാഗം എന്നിവ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. അത്യാഹിത വിഭാഗത്തിൽ 04 അത്യാഹിത വിഭാഗം മെഡിക്കൽ ആഫീസറുടെ തസ്തിക നിലവിലുണ്ട്. പ്രസ്തുത തസ്തികകൾക്കുപുറമേ 04 അസിസ്റ്റന്റ് സർജന്മാരെക്കൂടി നിയോഗിച്ച് അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികൾക്ക് ചികിത്സ നൽകിവരുന്നു.

2016-17-ലെ കേരള സംസ്ഥാന ബജറ്റിലുൾപ്പെടുത്തി കിഫ്ബി പദ്ധതി ഉപയോഗിച്ച് നിർമ്മിക്കുന്ന ബഹുനില കെട്ടിടത്തിന്റെ ആദ്യഘട്ട സാമ്പത്തിക അനുമതിയായി 102.79 കോടി രൂപ അനുവദിക്കുകയും 29.06 കോടി രൂപയുടെ ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങുന്നതിനായി ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 76 ശതമാനം നിർമ്മാണം

പൂർത്തിയായി. നിലവിൽ 347 കിടക്കകളുള്ള ടി സ്ഥാപനത്തിൽ പുതിയ കെട്ടിടം പ്രവർത്തനക്ഷമമാകുമ്പോൾ കിടക്കകളുടെ എണ്ണം 477 ആകും. കൂടാതെ, പുതിയ 50 മുറികളുള്ള പേ വാർഡുകൂടി വരുമ്പോൾ ഇത് 527 കിടക്കകൾ ആകും. കിഫ്ബി ബഹുനില കെട്ടിടം പൂർത്തിയായി അത്യാധുനിക മെഡിക്കൽ ഉപകരണങ്ങളുൾപ്പെടെ സ്ഥാപിക്കുന്നമുറയ്ക്ക് ജില്ലാ ആശുപത്രിയുടെ സ്റ്റാൻഡേർഡൈസേഷൻ അനുസരിച്ചുള്ള അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് ഗ്യാപ് അനാലിസിസ് നടത്തി ഘട്ടംഘട്ടമായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

*******